➪ ഒറ്റപ്പെട്ട പ്രതിഷേധങ്ങളാണ് സംഘടിത സമരമായി രൂപാന്തരപ്പെട്ടിരിക്കുന്നത് ➪

പാരിസ്ഥിതിക സന്തുലനത്തെ
തകിടം മറിക്കുന്ന,
ജനജീവിതത്തെ ദുസ്സഹമാക്കുന്ന
**ക്വാറികൾക്കെതിരെ**
ഉയരുന്ന ജനകീയസമരങ്ങളെക്കുറിച്ചുള്ള
**കേരളീയം പംക്തി തുടരുന്നു...**

## മുതലമട:

# ക്വാറിമടയായി മാറുന്ന കാർഷികഗ്രാമം

പശ്ചിമഘട്ട മലനിരകളുടെ താഴ്‌വാരത്തെ കാർഷിക സമൃദ്ധിയുടെ ഹരിതഭൂമിയായിരുന്ന പാലക്കാട് ജില്ലയിലെ മുതലമട ഇന്ന് അനധികൃത ക്വാറികളുടെ വിളനിലമായി മാറിയിരിക്കുകയാണ്. തെന്മലയോരം എന്നറിയപ്പെടുന്ന മുതലമടയുടെ കിഴക്കൻ മലഞ്ചെരുവ് പകുതിയോളം കാർന്നെടുക്കപ്പെട്ടുകഴിഞ്ഞു. ദുരന്തമുഖത്തേക്ക് ഏറെ ദൂരമില്ലെന്നറിയുന്ന നാട്ടുകാർ സംഘടിച്ച് തുടങ്ങിയിരിക്കുന്നു.

**കേരളീയം വാർത്താശൃംഖല**

**കൃഷിയും** കർഷകരും കാർഷിക പാരമ്പര്യവും അന്യമായിട്ടില്ലാത്ത, പാലക്കാടൻ ഗ്രാമീണതയുടെ പ്രതിരൂപമായ മുതലമടയിലെ നാട്ടിടവഴികൾ ഇന്ന് ഭീതിയുടെ നിഴപടർന്ന് വിജനമായിത്തീർന്നിരിക്കുകയാണ്. മുതലമടയുടെ കിഴക്കൻ മലനിരകളെ കാർന്നെടുത്ത് മടങ്ങുന്ന ഭീമൻ ടോറസ് ലോറികൾ അസഹനീയമായ ആരവത്തോടെ, പൊടിനിറച്ച് ഇടയ്ക്കിടെ പലവഴികളിലൂടെയും കടന്നുപോകുന്നുണ്ട്. നെല്ലിൻതണ്ട് മണത്തിരുന്ന ചെമ്മൺപാതകൾ മരണപ്പാച്ചിലുകളുടെ പരുക്കൻ എയർഹോണുകൾ കേട്ട് വിറങ്ങലിച്ചുപോയിരിക്കുന്നു. നെല്ലിയാമ്പതി-പറമ്പിക്കുളം മലനിരകളുടെ താഴ്‌വാരത്തെ പാറക്കുന്നുകളുടെ അടിത്തറയിളക്കിക്കൊണ്ടുപോകുന്ന ഈ പരുക്കൻ പാച്ചിലുകൾക്ക് മുന്നിൽ ഇനിയും പകച്ചുനിൽക്കില്ല എന്ന തീരുമാനത്തിലാണ് നാട്ടുകാർ. നിരവധി ക്വാറികളുള്ള ഈ മേഖലയിലെ പല ക്വാറികൾക്കെതിരെയും തദ്ദേശീയമായി ഉയർന്നുവന്ന പ്രതിഷേധങ്ങൾ വഴിതടയൽ സമരങ്ങളിൽ തുടങ്ങി ഇന്ന് വിപുലമായ ജനകീയ ചെറുത്തുനിൽപ്പായി രൂപപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മുതലമടയിലെ എല്ലാ അനധികൃതക്വാറികളും അടച്ചുപൂട്ടണമെന്നും ലൈസൻസ് റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് ജനകീയ സമരസമിതിയുടെ ആഭിമുഖ്യത്തിൽ മുതലമട പഞ്ചായത്ത് ഓഫീസിന് മുന്നിൽ അനിശ്ചിതകാല നിരാഹാര സമരം തുടങ്ങിയിരിക്കുകയാണ്. ഇരുപത്തിയഞ്ചോളം അനധികൃത ക്വാറികളാണ് തെന്മലയോരം എന്നറിയപ്പെടുന്ന മുതലമടയുടെ കിഴക്കൻ മലഞ്ചെരുവിൽ പ്രവർത്തിക്കുന്നതെങ്കിലും 13 വർഷമായി ഖനനം തുടരുന്ന മൂച്ചംകുണ്ടിലെ ഫൈവ്സ്റ്റാർ മെറ്റൽസിനെതിരെയാണ് പ്രധാനമായും ശക്തമായ പ്രതിഷേധം ഉയർന്നുവന്നിരിക്കുന്നത്. അനധികൃത ക്വാറികൾക്കെല്ലാമെതിരെ വർഷങ്ങളായി നിലനിൽക്കുന്ന നാട്ടുകാരുടെ ഒറ്റപ്പെട്ട പ്രതിഷേധങ്ങളാണ് സംഘടിത സമരമായി രൂപാന്തരപ്പെട്ടിരിക്കുന്നത്.

സൈലന്റ്‌വാലി കാടുകളും അട്ടപ്പാടി മലനിരകളും പിന്നിട്ട് പാലക്കാടെത്തുന്നതോടെ സ്വാഭാവികമായി മുറിയുന്ന പശ്ചിമഘട്ടം കരിമ്പനകളുടെ സമതല ഭൂവിൽ നിന്നും വീണ്ടും മലകളായി ഉയരുന്നതിന്

സാക്ഷ്യം വഹിക്കുന്ന ചെറുഗ്രാമമാണ് മുതലമട. മലകളും ഇടനാടൻ കുന്നുകളും താഴ്‌വരകളും സമതലങ്ങളും ഉൾച്ചേർന്ന സവിശേഷമായ ഭൂപ്രകൃതിയുള്ള പ്രദേശം. കേരളത്തിന്റെ ഭൂസവിശേഷതകളുടെയെല്ലാം പരിഛേദമെന്ന് പറയാവുന്നവിധം വൈവിധ്യങ്ങളാൽ സമ്പന്നം. ലോകത്തിലെ തന്നെ സുപ്രധാന ജൈവവൈവധ്യ ഹോട്ട്സ്പോട്ടുകളിലൊന്നായ പറമ്പിക്കുളം കടുവാസങ്കേതവുമായി അതിരുപങ്കിടുന്ന പ്രദേശം എന്ന നിലയിലുള്ള സവിശേഷതയും മുതലമടയെ വേറിട്ടുനിർത്തുന്നു. കാർഷിക സമ്പന്നതയാണ് മുതലമടയെ അതിലേറെ ശ്രദ്ധേയമാക്കിയിരുന്നത്. പണ്ട് നെൽകൃഷിക്ക് പേരുകേട്ടിരുന്ന ഈ ഗ്രാമം ഇന്ന് ഏറ്റവും കൂടുതൽ മാമ്പഴം കയറ്റിയയ്ക്കുന്ന മേഖലയാണ്. എന്നാൽ മുതലമടയുടെ ഈ കാർഷിക സമൃദ്ധിയെ തച്ചുകർക്കും വിധം ക്വാറികൾ ഇന്ന് ആ പ്രദേശത്തിന്റെ ചരമഗീതം എഴുതിക്കൊണ്ടിരിക്കുകയാണ്.

പല കാര്യങ്ങൾ പരിഗണിക്കുമ്പോഴും പരിസ്ഥിതി ദുർബല പ്രദേശമായി വിലയിരുത്തപ്പെടുന്ന സ്ഥലമാണ് മുതലമട. ഗാഡ്ഗിൽ റിപ്പോർട്ട് പ്രകാരം ഇ.എസ്.എ മേഖല ഒന്നിൽ ഉൾപ്പെടുത്തിയിരുന്ന ചിറ്റൂർ താലൂക്കിലാണ് ഈ പ്രദേശം വരുന്നത്. കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം മുതലമട ഒന്നും രണ്ടും വില്ലേജുകൾ ഇ.എസ്.എയിൽ ഉൾപ്പെട്ടിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ ഏക്കറുകണക്കിന് നെൽപ്പാടങ്ങൾക്ക് ജലസേചന സൗകര്യമൊരുക്കുന്ന ചുള്ളിയാർ ഡാമിന് സമീപത്തുള്ള രണ്ട് വാർഡുകളിലായാണ് ഈ ക്വാറികൾ മിക്കതും സ്ഥിതി ചെയ്യുന്നത്. ഭാരതപ്പുഴയുടെ മുഖ്യ കൈവഴിയായ ഗായത്രിപ്പുഴയുടെ പോഷകനദിയായ ചുള്ളിയാർപ്പുഴയിലാണ് ചുള്ളിയാർ ഡാം സ്ഥിതി ചെയ്യുന്നത്. നെല്ലിയാമ്പതി മലനിരകളിൽ നിന്നും ചുള്ളിയാർ പുഴയിലേക്ക് എത്തുന്ന നിരവധി നീർച്ചാലുകളെ കൊന്നൊടുക്കിക്കൊണ്ടാണ് ക്വാറികളെല്ലാം നിലയുറപ്പിച്ചിരിക്കുന്നത്. പലകപ്പാണ്ടി വെള്ളച്ചാട്ടം ഉൾപ്പെടെയുള്ള നിരവധി നീർച്ചാലുകൾ മലനിരകളിൽ നിന്നും ചുള്ളിയാർ പുഴയിലേക്ക് എത്തുന്നുണ്ട്. മലയുടെ ഉച്ചസ്ഥാനങ്ങളിൽ നിന്നും താഴ്‌വരകളിലേക്കുള്ള നീർച്ചാലുകളുടെ ഈ ഒഴുക്ക് മഴക്കാലത്ത് നയമനോഹര കാഴ്ചയായി മാറാറുണ്ട്. ഇന്ന് ആ നീർച്ചാലുകൾ പലതും മലയടിവാരത്തെ ക്വാറികളിൽ വച്ച് കൊന്നൊടുക്കപ്പെടുകയാണ്. ചുള്ളിയാർപ്പുഴ വറ്റിവരളുന്നതിനും ഡാമിലെ ജലനിരപ്പ് താഴുന്നതിനും ഇത് കാരണമായിട്ടുണ്ട്. ഇത് ഡാമിൽ നിന്നുള്ള ജലസേചന പരിപാടിയെ സാരമായി ബാധിച്ചിട്ടുമുണ്ട്. കാർഷികാവശ്യത്തിനുള്ള വെള്ളമെത്തിക്കാൻ കഴിയാത്ത സ്ഥിതി ഇന്നിവിടെ പതിവായിരിക്കുന്നു. ജലസേചനത്തെ ആശ്രയിച്ച് കൃഷി ചെയ്യുന്ന പാലക്കാടൻ കർഷകർ പലരും ബോർവെല്ലുകളിൽ നിന്നും വെള്ളം കണ്ടെത്തുന്ന അപകടകരമായ സ്ഥിതിയാണ് ഇതുമൂലം സംജാതമായിരിക്കുന്നത്. ചുള്ളിയാർ ഡാമിന്റെ ആയക്കെട്ട് പരിധിയിലുള്ള നെൽകൃഷി വെള്ളം കിട്ടാതെ ഉണങ്ങിപ്പോകുന്ന വാർത്തകൾ ഇന്ന് മുതലമടയിൽ പതിവാണ്. എലവഞ്ചേരി, കൊല്ലങ്കോട് പ്രദേശങ്ങളെയും ഈ പ്രശ്നം ബാധിക്കുന്നുണ്ട്. ജലസേചനത്തെ ആശ്രയിച്ചുള്ള കൃഷിയാണ് വർഷങ്ങളായി മുതലമട പ്രദേശത്ത് നിലനിൽക്കുന്നത്. അതിനാൽ തന്നെ കേരളത്തിൽ ഏറ്റവും കൂടുതൽ ഡാമുകളുള്ള പഞ്ചായത്ത് എന്ന സവിശേഷതയും മുതലമടയ്ക്കാണുള്ളത്. മീൻകര, ചുള്ളിയാർ, പെരുവാരിപ്പള്ളം, പറമ്പിക്കുളം, തൂണക്കടവ് ഡാമുകളിൽ നിന്നുള്ള വെള്ളമാണ് മുതലമടയിലെയും സമീപ പഞ്ചായത്തിലെയും കർഷകർ മുഖ്യമായും കൃഷിക്കായി ആശ്രിയിക്കുന്നത്. അക്കൂട്ടത്തിലെ സുപ്രധാന ഡാമുകളിലൊന്നായ ചുള്ളിയാർ ഡാമിന്റെ പ്രവർത്തനം താറുമാറാക്കുന്നതിൽ ക്വാറികൾക്ക് കുറ്റകരമായ പങ്കുണ്ട്. നീർച്ചാലുകൾ നശിപ്പിച്ചുകൊണ്ട് ചുള്ളിയാർ പുഴയെ മരുപ്പറമ്പാക്കിയത് കൂടാതെ ചുള്ളിയാർ ഡാമിന് വിള്ളലുണ്ടാകുന്നതിന് പോലും ക്വാറികളുടെ പ്രവർത്തനം കാരണമായിഭവിച്ചു. ചുള്ളിയാർഡാമിന് ഭീഷണിയാകുംവിധത്തിൽ പ്രവർത്തിക്കുന്ന ക്വാറികൾ നിർത്തിവെക്കണമെന്ന് 2010ൽ ഡാം സുരക്ഷാ അതോറിറ്റി ജില്ലാഭരണകൂടത്തിന് നിർദേശം നൽകിയിരുന്നു. എന്നാൽ, അത് പ്രാവർത്തികമാക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് ദാരുണ യാഥാർത്ഥ്യം.

പല കാര്യങ്ങൾ പരഗണിക്കുമ്പോഴും പരിസ്ഥിതി ദുർബല പ്രദേശമായി വിലയിരുത്തപ്പെടുന്ന സ്ഥലമാണ് മുതലമട. ഗാഡ്ഗിൽ റിപ്പോർട്ട് പ്രകാരം ഇ.എസ്.എ മേഖല ഒന്നിൽ ഉൾപ്പെടുത്തിയിരുന്ന ചിറ്റൂർ താലൂക്കിലാണ് ഈ പ്രദേശം വരുന്നത്. കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം മുതലമട ഒന്നും



ചുള്ളിയാർ റിസർവോയറും പശ്ചിമഘട്ട മലനിരകളും

രണ്ടും വില്ലേജുകൾ ഇ.എസ്.എയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലും ഇടയ്ക്കിടെ ഉണ്ടാകാറുള്ള പ്രദേശമാണ് കുത്തനെ നിൽക്കുന്ന നെല്ലിയാമ്പതിയുടെ മലയുടെ താഴ്‌വാരം. ഇത്രയധികം ഉയരമുള്ള മലനിരകൾ ഒരു മതിൽക്കെട്ടുപോലെ നിരന്നുനിൽക്കുന്ന അപൂർവ്വ ഭൂമിശാസ്ത്രം ഈ പ്രദേശത്തിന്റെ മുഖ്യ സവിശേഷതയാണ്. 1977ൽ ഇവിടെയുണ്ടായ വലിയ മലയിടിച്ചിലിൽ വ്യാപകമായ ആൾനാശവും കൃഷിനാശവും ഉണ്ടായതായി രേഖകളുണ്ട്. തമിഴ്നാടുമായി അതിരുപങ്കിടുന്ന ചെമ്മണാംപതി മുതൽ കൊല്ലങ്കോട് വരെയുള്ള 14 കിലോമീറ്റർ ദൂരത്തോളം ആ ദുരന്തത്തിന്റെ വ്യാപ്തി നീണ്ടുപോയിരുന്നു. 1977 നവംബർ 7ലെ മരണ രജിസ്റ്റർ പ്രകാരം 22 പേർ ആ ദുരന്തത്തിൽ മരണപ്പെട്ടതായാണ് അറിയുന്നത്. തമിഴ്നാട്ടിൽ നിന്നും കൃഷിയിടങ്ങളിൽ പണിയെടുക്കാനെത്തിയ പാവങ്ങളായിരുന്നു അതിലേറെയും. അത്രയും അപകടകരമായ അതേ മലയടിവാരത്താണ് ക്വാറികൾ ഇപ്പോൾ ഭൂമിയുടെ നെഞ്ചുപിളർന്നുകൊണ്ടിരിക്കുന്നത്. അത്യന്താധുനിക യന്ത്രസാമഗ്രികളാലും വെടിക്കോപ്പുകളാലും മലയിളക്കുന്നത് വീണ്ടും മലയിടിച്ചിലിനുള്ള സാധ്യത ഉയർത്തുന്നുണ്ട്. തെന്മലയോരത്ത് എട്ട് കിലോമീറ്ററിനുള്ളിൽ മൂന്ന് വൻകിട ക്വാറികളും നാല് ക്രഷർ യൂണിറ്റുകളും ഇരുപതോളം ചെറുകിട ക്വാറികളുമുണ്ട്. ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശത്തെ തുടർന്ന് 2012ൽ സെസ്സിന്റെ (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) ആഭിമുഖ്യത്തിൽ കേരള സർക്കാർ തയ്യാറാക്കിയ നാച്യുറൽ ഹസാർഡ് സോണേഷൻ മാപ്പ് പ്രകാരം മലയിടിച്ചിൽ ഉണ്ടാകാൻ ഉയർന്ന സാധ്യതയുള്ള പ്രദേശങ്ങളായാണ് മുതലമട ഒന്നും രണ്ടും വില്ലേജുകളെ രേഖപ്പെടുത്തിയിരിക്കുന്നത്. എളുപ്പത്തിൽ നാശനഷ്ടങ്ങൾ ഉണ്ടാകാനിടയുള്ള ലോലമായ ഭൂപ്രദേശങ്ങളെ പ്രകൃതി ദുരങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനാണ് സർക്കാർ ഈ പഠനങ്ങളെല്ലാം നടത്തുന്നതെങ്കിലും ഔദ്യോഗിക സംവിധാനങ്ങളുടെ കടലാസുപണികൾക്കപ്പുറത്തേക്ക് ഒന്നും കടക്കാറില്ല എന്നത് അനിയന്ത്രിത ഖനനങ്ങൾക്ക് സ്വൈര്യമായി തുരക്കുന്നതിനുള്ള വഴി തുറന്നുകൊടുക്കുന്നു.

ചെറിയ ഭൂപരിധിക്കുള്ളിൽ ഇത്രയധികം ക്വാറികൾ പ്രവർത്തിക്കുന്നതിന്റെ സഞ്ചിത ആഘാതം (cumulative impact) വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തേണ്ടതാണ്. അതിന് ശേഷം മാത്രമെ ശരിക്കും ഇത്രയും ദുർബലമായ ഒരു പ്രദേശത്ത് ക്വാറികൾക്ക് അനുമതി നൽകാൻ പാടുള്ളൂ. എന്നാൽ പാറക്കെട്ടുകളെ സ്വത്തുസമ്പാദനത്തിനുള്ള വിഭവമായി കാണുന്നവരും അതിന്റെ ആർഭാട ഉപയോക്താക്കളും പ്രകൃതിദുരന്തത്തിന്റെ മരണക്കയങ്ങളിലേക്ക് ഈ ഹരിത ഭൂമിയെ പിഴുതെറിയുകയാണ് ചെയ്യുന്നത്.

⇨ *2013 ഡിസംബർ ആറിന് പാലക്കാട് ജില്ലാ കളക്ടർ മുതലമടയിലെ ക്വാറികളിൽ സന്ദർശനം നടത്തിയിരുന്നു* ⇨

പ്രകൃതിദുരന്ത ഭീതിയുടെ ആഴം വർദ്ധിപ്പിക്കുന്ന മറ്റൊരു വസ്തുത ഈ പ്രദേശത്തെക്കുറിച്ചുള്ള ഭൂകമ്പ സാധ്യതാ പഠനങ്ങളാണ്. 1900 ഫെബ്രുവരി 8ന് ചിറ്റൂരിനടുത്തുള്ള നല്ലേപ്പിള്ളി പ്രഭവകേന്ദ്രമായി, ഭൂകമ്പമാപിനിയിൽ ആറ് രേഖപ്പെടുത്തി അതിശക്തമായ ഭൂകമ്പമുണ്ടായി. ഒരു ഭൂകമ്പം നടന്ന സ്ഥലത്ത് 100-130 വർഷത്തിനിടയിൽ ഭൂകമ്പം വീണ്ടും ആവർത്തിക്കാനിടയുണ്ടെന്ന് പൂനെ ആസ്ഥാനമായി പ്രവർത്തിക്കുന്ന സീസ്മോളജിസ്റ്റ് ആരുൺ ബാപത് നടത്തിയ പഠനം പറയുന്നുണ്ട്. 2001 സെപ്തംബറിൽ പുറത്തിറങ്ങിയ ഫ്രണ്ട്ലൈൻ മാഗസിൻ ആ പഠനത്തെക്കുറിച്ച് വിശദമായി റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. മുതലമടയിൽ നിന്നും ഏറെ അകലത്തല്ലാത്ത സ്ഥലത്താണ് അത്രയും വലിയ ഭൂകമ്പമുണ്ടായത് എന്നത് നൂറ്റാണ്ടുകൾക്കിപ്പുറവും നാട്ടുകാരുടെ ഉറക്കം കെടുത്തുന്നു വസ്തുതയാണ്. 2000-ത്തിന് ശേഷവും ചെറിയ തോതിലുള്ള ഭൂകമ്പങ്ങൾ പാലക്കാടിന്റെ കിഴക്കൻ മേഖലയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂകമ്പമാപിനിയൽ 2.4 രേഖപ്പെടുത്തിയ മൂന്ന് ഭൂകമ്പങ്ങൾ വണ്ടിത്താവളത്തിനടുത്ത് രണ്ട് വർഷം മുമ്പുവരെ ഉണ്ടായി. ഭൂകമ്പ സാധ്യതാ പ്രദേശത്ത് നടക്കുന്ന അനിയന്ത്രിത ഖനനം അത്തരം സാധ്യതകളെ വീണ്ടും കൂട്ടുകയാണ് ചെയ്യുന്നതെന്ന ശാസ്ത്രീയ വിശകലനങ്ങൾ നമുക്ക് മുന്നിൽ നിരവധിയുണ്ട്. എന്നാൽ അതൊന്നും ബാധകമല്ലെന്ന തീർത്തും നിഷേധാത്മകവും ജനവിരുദ്ധവുമായ സമീപനം തന്നെയാണ് ഇവിടെയും ക്വാറി ഉടമകൾ കൈക്കൊണ്ടിരിക്കുന്നത്. സർക്കാർ അന്വേഷണ റിപ്പോർട്ടുകളിൽ ഉൾപ്പെടെ പരാമർശിക്കപ്പെട്ടിട്ടുള്ള ഈ വിഷയത്തോട് ഒരുവിധത്തിലും മറുപടിപറയാൻ അധികൃതർ തയ്യാറായിട്ടില്ല.

ക്വാറികൾക്കെതിരെയുള്ള പ്രതിഷേധങ്ങൾ ശക്തമായതിനെത്തുടർന്ന് 2013 ഡിസംബർ ആറിന് പാലക്കാട് ജില്ലാ കളക്ടർ മുതലമടയിലെ ക്വാറികളിൽ സന്ദർശനം നടത്തിയിരുന്നു. മൂച്ചംകുണ്ട്, മേച്ചിറ, ചുള്ളിയാർ ഡാം പ്രദേശത്തുള്ള ക്വാറികളിൽ കളക്ടർ കെ. രാമചന്ദ്രന്റെ നേതൃത്വത്തിലുള്ള സംഘം നേരട്ടെത്തി മിന്നൽ പരിശോധന നടത്തുകയായിരുന്നു. മിക്ക ക്വാറികളും അനധികൃതമായാണ് പ്രവർത്തിക്കുന്നതെന്ന് അദ്ദേഹത്തിന് പ്രാഥമിക പരിശോധനയിൽ തന്നെ വ്യക്തമാവുകയുണ്ടായി. അക്കാര്യങ്ങൾ വിശദമായി അറിയുന്നതിനായി മുതലമടയിലെ അനധികൃത ക്വാറികളെ കുറിച്ച് വിശദമായി പഠിച്ച് റിപ്പോർട്ടു നൽകാൻ ചിറ്റൂർ തഹസിൽദാരെ കളക്ടർ ചുമതലപ്പെടുത്തി. തുടർന്ന് 2013 ഡിസംബർ ഏഴ്, എട്ട് തീയതികളിൽ തഹസീൽദാറും ഡെപ്യൂട്ടി തഹസീൽദാറും മുതലമട 1, 2 വില്ലേജുകളിലെ ജീവനക്കാരും ചേർന്ന് സംഭവസ്ഥലങ്ങൾ സന്ദർശിക്കുകയും ഡിസംബർ ഒമ്പതിന് തന്നെ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അതുവരെ സർക്കാർ സംവിധാനങ്ങളിൽ നിന്നൊന്നും സഹായം ലഭിക്കാതിരുന്ന നാട്ടുകാർക്ക് ആശ്വാസകരമായ റിപ്പോർട്ടായിരുന്നു തഹസീൽദാർ നൽകിയത്. ക്വാറികൾക്ക് ലഭിച്ച അനുമതികളും അവയുടെ കാലാവധികളും അനുമതിക്ക് വിരുദ്ധമായി നടത്തുന്ന പ്രവർത്തനങ്ങളുമെല്ലാം തഹസീൽദാറുടെ നേതൃത്വത്തിലുള്ള സംഘം വിശദമായി പരിശോധിച്ചു. സെസ്സിന്റെ പഠനം, ഭൂകമ്പസാധ്യതകളെക്കുറിച്ചുള്ള പഠനങ്ങൾ, പ്രദേശത്തിന്റെ പാരിസ്ഥിതികമായ പ്രാധാന്യം എന്നിവ കൂടി പരിഗണിച്ചുകൊണ്ടുള്ള റിപ്പോർട്ടാണ് തഹസീൽദാർ കളക്ടർക്ക് നൽകിയത്. മുതലമട പഞ്ചായത്തിലെ ഖനനപ്രവർത്തനങ്ങൾ നിരോധിക്കാവുന്നതാണ് എന്നാണ് ക്വാറികളുടെ ലിസ്റ്റ് സഹിതം ചൂണ്ടിക്കാണിച്ചുകൊണ്ട് തഹസീൽദാറുടെ റിപ്പോർട്ട് അന്തിമമായി പറഞ്ഞത്. മൂച്ചംകുണ്ടിലെ ഫൈവ്സ്റ്റാർ മെറ്റൽസിന്റെ രണ്ട് ക്വാറികളും ചെമ്മണാംപതിയിലെ എ വൺ സാൻഡ്സും മേച്ചിറയിലെ തോംസൺമെറ്റൽസും ആണ് അനുമതി ലഭിച്ചതിന്റെ പരിധി ലംഘിച്ച് വൻതോതിൽ ഖനനം നടത്തിയതായി തഹസീൽദാർ കണ്ടെത്തിയത്. മേഖലയിലെ മിക്ക ക്വാറികളും ജിയോളജി വകുപ്പിന്റെ മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തിയാണ് ഖനനം നടത്തുന്നതെന്ന് അന്വേഷണത്തിൽ വ്യക്തമായിരുന്നു. 6 മീറ്റർ ഖനനം നടത്താൻ അനുമതിയുള്ള ഫൈവ് സ്റ്റാർ മെറ്റൽസിന്റെ ഒരു ക്വാറി 19.5 മീറ്റർ വരെ ഖനനം നടത്തിയതായി കണ്ടെത്തി. ചെമ്മണാംപതിയിലെ എ വൺ സാൻഡ്സ് 8 മീറ്റർ ആഴത്തിലും മുതലമട രണ്ട് വില്ലേജിൽ പ്രവർത്തിക്കുന്ന തോംസൺ മെറ്റൽസ് 12 മീറ്റർ ആഴത്തിലും അനുമതി ലംഘിച്ച് ഖനനം നടത്തി. നെല്ലിയാമ്പതി വനമേഖലിയിൽ നിന്നും മൂന്ന് കിലോമീറ്റർ അകലത്തിൽ ക്വാറികളുണ്ടെന്നും ഇത് വനത്തിനും വന്യജീവി സത്തിനും ഭീഷണിയാകുമെന്നും റിപ്പോർട്ട് പറയുന്നുണ്ട്. ജനകീയ പ്രതിഷേധത്തെ തുടർന്ന് ഒരു സർക്കാർ സംവിധാനം മുന്നിട്ടിറങ്ങയപ്പോൾ മുതലമടയിൽ കണ്ടെത്തിയ അനധികൃത പ്രവർത്തനങ്ങളാണ് ഇ

തെല്ലാം. എന്നാൽ എത്രയോ വർഷങ്ങളായി ഇതേ സ്ഥാപനങ്ങളെ വിഡ്ഢികളാക്കി ഇതേ ക്വാറികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഉത്തരവാദിത്തപ്പെട്ടവരാരും ഇത്രനാളും ഒന്നും അന്വേഷിക്കാൻ രംഗത്ത് വന്നിട്ടില്ല. പത്ത് വർഷത്തിലേറെയായി തുടരുന്ന പല ക്വാറികളും നിയമലംഘനത്തിലൂടെ കാർന്നെടുത്ത പ്രകൃതിസമ്പത്തിനെയും അതുണ്ടാക്കിയ നഷ്ടങ്ങളെയും ആർക്കും നികത്താനാകില്ല എന്നത് ദാരുണ യാഥാർത്ഥ്യമായി തുടരുന്നു.

തഹസീൽദാർ റിപ്പോർട്ട് നൽകിയതിനെ തുടർന്ന്, ഇത്രയധികം ക്വാറികൾക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഖനനാനുമതി നൽകിയത് എങ്ങനെയെന്ന് ഉന്നതല അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് കളക്ടർ സർക്കാർ ചീഫ് സെക്രട്ടറിക്ക് കത്തെഴുതിയിരുന്നു. അനധികൃതമായി പ്രവർത്തിച്ചിരുന്ന ഇരുപത് ക്വാറികൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തു. പിന്നാലെ, നാട്ടുകാരുടെ പരാതി പരിഗണിച്ച് അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ നടപടിയെടുത്തുകൊണ്ട് ജിയോളജി വകുപ്പും രംഗത്തെത്തി. എ വൺ, ഫൈവ്സ്റ്റാർ, തോംസൺ എന്നീ ക്വാറികൾക്കാണ് ജിയോളജി വകുപ്പ് സ്റ്റോപ്പ് മെമ്മോ നൽകിയത്. വിവിധ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി തീരുമാനമെടുക്കുന്നതുവരെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാനാണ് ഉത്തരവിട്ടത്. തുടർന്ന് പാലക്കാട് അസിസ്റ്റന്റ് കളക്ടറുടെ നേതൃത്വത്തിൽ ജിയോളജി, മലിനീകരണ നിയന്ത്രണ ബോർഡ്, ഗ്രാമപഞ്ചായത്ത്, ജലസേചന വകുപ്പുകളിലെ ഉദ്യോഗസ്ഥർ 2014 ജനുവരി 3ന് മുതലമടയിലെ 12 ക്വാറികളിൽ നേരിട്ട് പരിശോധന നടത്തി. ക്വാറികൾ കാരണമുണ്ടാകുന്ന ജലശോഷണവും കാർഷിക വിളകളിലുണ്ടാകുന്ന കുറവും വീടുകൾക്ക് സംഭവിച്ച നാശനഷ്ടങ്ങളും പാറപ്പൊടി സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങളും അന്വേഷണം സംഘം വിലയിരുത്തി. എന്നാൽ, അസിസ്റ്റന്റ് കളക്ടറുടെ റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് എല്ലാ നിയമാനുസൃത ക്വാറികളും ക്രഷർ യൂണിറ്റുകളും തുടർന്നും പ്രവർത്തിപ്പിക്കാമെന്നും ജിയോളജി വകുപ്പ് ഏർപ്പെടുത്തിയ സ്റ്റോപ്പ് മെമ്മോ പിൻവലിക്കാവുന്നതാണെന്നുമാണ് കളക്ടർ ഉത്തരവിട്ടത്. സർക്കാർ സംവിധാനങ്ങളിൽ നിന്നും അതുവരെയുണ്ടായ എല്ലാ അനുകൂല തീരുമാനങ്ങളെയും അട്ടിമറിക്കുന്ന തരത്തിലുള്ള നടപടിയായാണ് അതിനെ സമരപ്രവർത്തകർ കണ്ടത്. അന്വേഷണ റിപ്പോർട്ടുകളെല്ലാം ക്വാറികളുടെ പ്രവർത്തനങ്ങൾ നിരവധി പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ചൂണ്ടിക്കാണിച്ചിട്ടും കളക്ടറുടെ അന്തിമ നടപടി ക്വാറികൾക്ക് അനുകൂലമായി മാറുകയായിരുന്നു. അനുമതിപത്രങ്ങളിൽ പറയുന്ന വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുണ്ടാക്കാതെ തുടർന്ന് പ്രവർത്തിച്ചാൽ കുഴപ്പമില്ലെന്ന നിലപാടാണ് കളക്ടർ കൈക്കൊണ്ടത്. 2014 ജനുവരി 7ന് കളക്ടറുടെ ആ ഉത്തരവ് വന്നതിനെ തുടർന്ന് ഫൈവ്സ്റ്റാർ ഉൾപ്പെടെയുള്ള വൻകിട ക്വാറികൾക്ക് നൽകിയിരുന്ന സ്റ്റോപ്പ് മെമ്മോ ജിയോളജി വകുപ്പ് പിൻവലിച്ചു. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നില്ലെന്ന് ക്വാറികൾ ഉറപ്പുവരുത്തണം, പൊടിപറക്കുന്നത് ഒഴിവാക്കണം, സ്ഫോടനം നിയന്ത്രിതമായ അളവിലാക്കണം എന്നിങ്ങനെ താരതമ്യേന ദുർബലമായതും കൃത്രിമങ്ങൾ കാണിച്ച് മറികടക്കാവുന്നതുമായ ചില നിർദ്ദേശങ്ങൾ മാത്രമാണ് ജിയോളജി വകുപ്പ് വീണ്ടും പ്രവർത്തനാനുമതി നൽകുന്നതിന്റെ ഭാഗമായി മുന്നോട്ട് വച്ചത്. അനുമതി കിട്ടിയതോടെ ക്വാറികൾ പ്രവർത്തനം വീണ്ടും ഊർജ്ജിതമായി.

ക്വാറികളുടെ അനധികൃത പ്രവർത്തനം തകർത്തുതരിപ്പണമാക്കിയ ഒരു ഗ്രാമത്തെ വീണ്ടും ദുരിതക്കയങ്ങളിലേക്ക് തള്ളിവിടുന്ന തീരുമാനമായി അതുമാറി. ക്വാറകളിൽ നിന്നുള്ള പാറപ്പൊടിയും ലോഡുമായി അതിവേഗത്തിൽ പോകുന്ന ലോറികളുണ്ടാക്കുന്ന പൊടിയും കാറ്റിൽപ്പടർന്ന് മുതലമടയുടെ കിഴക്കൻ മേഖലയാകെ രോഗഗ്രസ്ഥമായിരിക്കുന്നു. ലോറി കടന്നുപോകുന്ന വഴികളിൽ മാത്രമല്ല, വീടുകൾക്കുള്ളിലേക്ക് പോലും പൊടി വന്നുനിറയുന്ന അവസ്ഥയാണുള്ളതെന്ന് നാട്ടുകാർ പറയുന്നു. ശ്വാസകോശ ക്യാൻസറിന് വരെ കാരണമായേക്കാവു

തഹസീൽദാർ റിപ്പോർട്ട് നൽകിയതിനെ തുടർന്ന്, ഇത്രയധികം ക്വാറികൾക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഖനനാനുമതി നൽകിയത് എങ്ങനെയെന്ന് ഉന്നതല അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് കളക്ടർ സർക്കാർ ചീഫ് സെക്രട്ടറിക്ക് കത്തെഴുതിയിരുന്നു. അനധികൃതമായി പ്രവർത്തിച്ചിരുന്ന ഇരുപത് ക്വാറികൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തു.

⇨ *തോംസൺ മെറ്റൽസ് യാതൊരുവിധ അനുമതിയുമില്ലാതെയാണ് മൂന്ന് മാസത്തോളം പ്രവർത്തിച്ചത്* ⇨



ന്ന പാറപ്പൊടിയുമായി മല്ലിട്ട് ജീവിതം മുന്നോട്ട് കൊണ്ടുപോകേണ്ട ദുരിതത്തിലാണ് ചെറിയ കുട്ടികൾ പോലും. ആദിവാസി-ദളിത് വിഭാഗത്തിൽപ്പെട്ട ദരിദ്രരായവർ താമസിക്കുന്ന വെള്ളാരങ്കടവ്, മേച്ചിറ, ഫിഷറീസ്, ഐ.ബി, കുണ്ടലക്കുളമ്പ് കോളനികൾക്ക് മുന്നിലൂടെയാണ് കിഴക്കൻ ക്വാറികളിൽ നിന്നുള്ള ലോറികൾ പാഞ്ഞുപോകുന്നത്. കാൽനടയായി സഞ്ചരിക്കുന്ന ഇവരുടെ സ്വൈര്യജീവിതത്തിന് മേൽ ലോറികളുടെ മരണപ്പാച്ചിൽ നിരന്തര ഭീഷണിയായി മാറിയിരിക്കുന്നു.

നാട്ടുകാർക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന തോംസൺ മെറ്റൽസ് യാതൊരുവിധ അനുമതിയുമില്ലാതെയാണ് മൂന്ന് മാസത്തോളം പ്രവർത്തിച്ചത് എന്ന് വിവരാവകാശ നിയമപ്രകാരം അറിയാൻ കഴിഞ്ഞത് പ്രതിഷേധത്തിന്റെ വ്യാപ്തികൂട്ടിയിട്ടുണ്ട്. ലൈസൻസ് ഇല്ല എന്ന വിവരം പുറത്തായതോടെ അജണ്ടയിൽ പോലും വയ്ക്കാതെ തിരിക്കുപിടിച്ച് ലൈസൻസ് നൽകാൻ പഞ്ചായത്ത് ഭരണസമിതി ശ്രമിച്ചിരുന്നു. ജനങ്ങളുടെ സംഘടിതമായ പ്രതിഷേധമാണ് ആ നീക്കത്തെ പരാജയപ്പെടുത്തിയത്. അതുപോലെ അനധികൃതമായ പ്രവർത്തിക്കുന്ന പല ക്വാറിക്കും പഞ്ചായത്ത് സ്റ്റോപ് മെമ്മോ നൽകിയിരുന്നെങ്കിലും പഞ്ചായത്തിന്റെ നടപടിക്രമങ്ങൾ ദുർബലമായിരുന്നതിനാൽ കോടതിയിൽ അതെല്ലാം തള്ളിപ്പോവുകയും ക്വാറികൾക്ക് വീണ്ടും പ്രവർത്താനനുമതി ലഭിക്കുകയും ചെയ്തു. ഇതെല്ലാം തദ്ദേശീയ ഭരണസ്ഥാപനത്തിനും ജനപ്രതിനിധികൾക്കും മേലുള്ള ക്വാറി മാഫിയുടെ സ്വാധീനമാണ് വ്യക്തമാക്കുന്നത്.

ഭരണസ്ഥാപനങ്ങളുടെ കെടുകാര്യസ്ഥതയും അഴിമതിയും കാരണം ക്വാറികൾ വീണ്ടും പ്രവർത്തിച്ചു തുടങ്ങിയതോടെ നാട്ടുകാർ പിന്നെയും റോഡിലിറങ്ങി. 2014 ജനുവരി 9ന് ക്വാറിയിൽ നിന്നും വന്ന ലോറികളെ അവർ വഴിയിൽ തടഞ്ഞു. എ.ഡി.എം. സംഭസ്ഥലത്തെത്തുകയും ക്വാറികൾ പ്രവർത്തിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ജനങ്ങൾ അതിന് സമ്മതിച്ചില്ല. അതോടെ കളക്ടറുമായി ചർച്ച നടത്തി വീണ്ടും ക്വാറികളുടെ പ്രവർത്തം നിർത്തിവയ്ക്കാൻ എ.ഡി.എം ആവശ്യപ്പെട്ടു. എന്നാൽ നാട്ടുകാർക്കുണ്ടായ ആശ്വാസം ഏറെനാൾ നീണ്ടുനിന്നില്ല. പോലീസ് സംരക്ഷണത്തിനുള്ള കോടതി വിധി സമ്പാദിച്ചു കൊണ്ട്, പോലീസ് അകമ്പടിയോടെ ക്വാറികൾ വീണ്ടും പ്രവർത്തനം തുടങ്ങി. 2014 ഫെബ്രുവരി 21ന് നാട്ടുകാർ പ്രതിഷേധവുമായി പഞ്ചായത്ത് ഓഫീസിന് മുന്നിലെത്തി. പ്രകടനം പോലീസ് തടഞ്ഞതോടെ ചെറിയ തോതിൽ സംഘർഷമുണ്ടായി. നൂറോളം വരുന്ന സമരപ്രവർത്തകരെ പോലീസ് അറസ്റ്റുചെയ്ത് മുതലമട പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി. സ്ത്രീകൾക്കും കുട്ടികൾക്കും ഭക്ഷണം പോലും നൽകാതെ മണിക്കൂറുകളോളം പോലീസ്റ്റേഷനിൽ തടഞ്ഞുവച്ചു. ജനകീയ സമരത്തിന് നേരെയുള്ള പോലീസിന്റെ ഹിംസാത്മക നിലപാടിൽ

## എൻ.എ. നസീറിനെ കയ്യേറ്റം ചെയ്തു

പ്രശസ്ത വന്യജീവി ഫോട്ടോഗ്രാഫറും എഴുത്തുകാരനുമായ എൻ.എ. നസീറിനെ മുതലമടയിലെ മേച്ചിറയിൽ അനധികൃത മായി പ്രവർത്തിക്കുന്ന തോംസൺ മെറ്റൽസിലെ തൊഴിലാളികളും ഗുണ്ടകളും കയ്യേറ്റം ചെയ്യാൻ ശ്രമിച്ചു. മാർച്ച് 21, വെള്ളിയാഴ്ച നെല്ലിയാമ്പതി മലകളുടെ താഴ്വാരത്ത് നിന്നും വന്യജീവികളുടെ ഫോട്ടോയെടുക്കുന്നതിനായെത്തിയതായിരുന്നു നസീറിന്റെ നേതൃത്വത്തിലുണ്ടായിരുന്ന സംഘം. ഉടൻ ക്വാറികളിൽ നിന്നെത്തിയ സംഘം അവർക്ക് നേരെ കയർക്കുകയും ക്യാമറ പിടിച്ചുവാങ്ങി നശിപ്പിക്കുകയും ബൈക്കിനും മറ്റും കേടുപാടുകൾ വരുത്തുകയും ചെയ്തു. നസീർ നൽകിയ പരാതിയെത്തുടർന്ന് 12 പേർക്കെതിരെ പോലീസ് കേസെടുത്തു.

പ്രതിഷേധിച്ച് ഫെബ്രുവരി 22ന് സമരസമിതിയുടെ ആഭിമുഖ്യത്തിൽ മുതലമടയിൽ ഹർത്താൽ ആചരിച്ചു.

തുടർന്നും സമരം ശക്തമായി തുടരുകയാണ്. അനധികൃത ക്രഷറുകൾ അടച്ചുപൂട്ടി നാട്ടുകാർക്കുണ്ടായ ആരോഗ്യ പ്രശ്നങ്ങൾക്കും കുടിവെള്ള സ്രോതസ്സുകളിലെ വെള്ളം കുറഞ്ഞതിനും വീടുകൾക്ക് വിള്ളലുണ്ടാക്കിയതിനും മതിയായ നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് സമരപ്രവർത്തകർ പഞ്ചായത്ത് ഓഫീസിന് മുന്നിലെ സമരപന്തലിലുണ്ട്. ക്വാറിമുതലാളിമാരുടെ സ്വാധീനശേഷിക്ക് മുന്നിൽ നിസഹായരായി നോക്കി നിന്നിരുന്ന പഴയ റോളിനെ അവർ പടിക്ക് പുറത്താക്കിയിരിക്കുന്നു. സാധ്യമായ സന്നാഹങ്ങളുടെ പിൻബലത്താൽ, ജനകീയ സമരവും നിയമപോരാട്ടങ്ങളുമായി മുതലമടക്കാർ മുന്നോട്ട് പോവുകയാണ്. ബൃഹത്തായ പിന്തുണകളും സമരത്തിന് ലഭിക്കുന്നുണ്ട്.

മുതലമടയിലെ കാലാവസ്ഥയിൽ അടുത്തകാലത്തുണ്ടായ പ്രകടമായ മാറ്റങ്ങളെക്കുറിച്ച് കർഷകർ ആശങ്കാകുലരാണ്. വിളകൾക്കുണ്ടായ കുറവിലൂടെയാണ് അവർ അതിന്റെ പ്രതിഫലനങ്ങൾ അറിയാറുള്ളത്. മാങ്ങകളുടെ താഴ്വരയായിരുന്ന ഈ മാങ്കോ സിറ്റി ഇന്ന് കരിഞ്ഞുണങ്ങിയ മാമ്പൂക്കളാൽ നിറഞ്ഞിരിക്കുകയാണ്. 80 ശതമാനമാണ് ഈ വർഷം ഉത്പാദനത്തിൽ കുറവുണ്ടായിരിക്കുന്നത്. അൽഫോണസയും സിന്ദൂരവും വെങ്കരപ്പിള്ളിയും ഉൾപ്പെടെയുള്ള ഏറെ സ്വീകാര്യതയുള്ള ഇനങ്ങളിലായി 45,000 ടൺവരെ കയറ്റി മുൻവർഷങ്ങളിൽ ഇവിടെ നിന്നും കയറ്റിയയച്ചിരുന്നു. എന്നാൽ വാടിപ്പഴുത്ത മാങ്ങകൾ മാർക്കറ്റിൽ വിലയില്ലാതായതോടെ മുതലമടയിലെ മാങ്ങാ കർഷകർ കരകയറാനാകാത്ത പ്രതിസന്ധിയിലേക്ക് വീണുകൊണ്ടിരിക്കുകയാണ്. ക്വാറികളിലേക്കുള്ള വഴികളിലെ മാന്തോപ്പുകളെല്ലാം പാറപ്പൊടിയിൽ കുളിച്ചുനിൽക്കുകയാണ്. കാലവസ്ഥയിലുണ്ടാകുന്ന വ്യതിയാനത്തിനൊപ്പം വിളവിനെ നേരിട്ട് ബാധിക്കുന്ന പ്രശ്നമായി ഇത് നിലനിൽക്കുന്നുണ്ട്. മുതലമട മേഖലയിലുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ബഹുവിധ പ്രശ്നങ്ങളെ ക്വാറികളുടെ അനിയന്ത്രിത ഖനനവുമായി ബന്ധിപ്പിച്ച് മനസ്സിലാക്കുന്ന തരത്തിലുള്ള ഇടപെടലുകളിലേക്ക് സമരം വികസിക്കേണ്ടിയിരിക്കുന്നു. പാലക്കാട് ചുരത്തിന്റെ ഒരറ്റമായ നെല്ലിയാമ്പതി മലനിരകളുടെ താഴ്വാരത്താണ് ഖനനം നടക്കുന്നത് എന്നതാണ് ഗുരുതരമായ പ്രശ്നം. ഈ മല കാർന്നെടുക്കപ്പെടുന്നതോടെ മധ്യകേരളത്തിന്റെ കാലാവസ്ഥയിൽ സുപ്രധാന പങ്കുവഹിക്കുന്ന പാലക്കാടൻ ചുരത്തിന്റെ വീതി കൂടുകയും കാലാവസ്ഥ കണക്കുകൂട്ടലുകൾ തെറ്റിക്കുകയും ചെയ്യും. കാലാവസ്ഥയെ വളരെയേറെ ആശ്രയിക്കുന്ന കാർഷിക സമൂഹത്തിന്റെ നാടെന്നനിലയിൽ ഈ പ്രശ്നങ്ങൾക്ക് നേരെ മുതലമടയ്ക്ക് ഏറെനാൾ കണ്ണടയ്ക്കാൻ കഴിയില്ല.

2012 ഡിസംബർ 25ന് സീതാർക്കുണ്ട് മേഖലയിൽ മലയിടിച്ചിൽ ഉണ്ടായതിനെ തുടർന്ന് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ പരിസ്ഥിതി ശാസ്ത്ര വിഭാഗം മേധാവി ഡോ. സി.എൻ. മോഹനൻ, ശാസ്ത്രജ്ഞനായ ഡോ. അജയകുമാർ വർമ്മ എന്നിവർ നടത്തിയ പഠനം നെല്ലിയാമ്പതി താഴ്വരയിലെ ഖനനം അപകടമാണെന്ന് വിലയിരുത്തിയിരുന്നു. മലയടിവാരത്തെ അഞ്ച് കിലോമീറ്റർ പ്രദേശം ബഫർ സോണായി പ്രഖ്യാപിച്ച് ഖനനം നിരോധിക്കണമെന്നാണ് അവർ റിപ്പോർട്ട് നൽകിയത്. ഖനനം മുതലമടയെ എത്രമാത്രം ബാധിക്കുമെന്നത് ശാസ്ത്രീയമായി വിശദീകരിക്കുന്ന റിപ്പോർട്ടായിരുന്നു അത്. എന്നിട്ടും അതിന്മേൽ തുടർ നടപടികളൊന്നുമുണ്ടായില്ല. പ്രകൃതിയുടെ സന്തുലിതാവസ്ഥയേയും ജനജീവിതത്തെയും ബാധിക്കുന്ന വിധത്തിലുള്ള ഖനനമാണെന്ന് നടക്കുന്നതെന്ന് പല സർക്കാർ ഏജൻസികളും റിപ്പോർട്ട് ചെയ്തിട്ടും ക്വാറികൾക്കെതി

രെ നടപടികളുണ്ടാകുന്നില്ല എന്നതാണ് മുതലമടയും എത്തിനിൽക്കുന്ന പ്രതിസന്ധി. കേരളത്തിലെ ക്വാറി വിരുദ്ധ സമരങ്ങളെല്ലാം സമാനമായ പരീക്ഷണഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ജനങ്ങളെ സഹായിക്കാൻ ബാധ്യസ്ഥരായവർ ക്വാറികൾക്ക് കൂട്ടുനിൽക്കുന്നു. ആ ദുരവസ്ഥയെക്കൂടി മറികടക്കാനുള്ള കരുത്താണ് ക്വാറി സമരങ്ങൾ ഇപ്പോൾ സ്വരൂപിച്ചുകൊണ്ടിരിക്കുന്നത്.

ജീവനും സ്വത്തിനും പരിസ്ഥിതിക്കും ഭീഷണിയുണ്ടാക്കരുതെന്ന് അപേക്ഷഫോമിൽ ഒപ്പിട്ടുകൊടുത്തിട്ടാണ് എല്ലാ ക്വാറികളും പ്രവർത്തനം തുടങ്ങുന്നത്. കടലാസിലെ ഉറപ്പുകൾ കടലാസിൽ മാത്രമൊതുങ്ങുന്നിടത്താണ് ക്വാറികളുടെ സ്വാധീനശേഷി വെളിപ്പെടുന്നത്. ഒമ്പത് അനുമതികൾ കിട്ടായാൽ മാത്രമെ ഒരു ക്വാറിക്ക് പ്രവർത്തനം തുടങ്ങാൻ കഴിയൂ. 1. മൈനിംഗ് ആന്റ് ജിയോളജി, 2. എക്സ്പ്ലോസീവ്, 3. ബ്ലാസ്റ്റിംഗ്, 4. മലിനീകരണ നിയന്ത്രണ ബോർഡ്, 5. ജില്ലാ മെഡിക്കൽ ഓഫീസർ, 6. ഫയർ ഫോഴ്സ്, 7. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, 8. ജില്ലാ കളക്ടർ, 9. പഞ്ചായത്ത്. ഇത്ര സുശക്തമായ നിരീക്ഷണ സംവിധാനങ്ങളുണ്ടായിരുന്നിട്ടും അവയെല്ലാം മറികടക്കുന്നതിനുള്ള ക്വാറി മുതലാളിമാരുടെ ശേഷിയാണ് ചർച്ച ചെയ്യപ്പെടേണ്ട മറ്റൊരു വിഷയം. രാഷ്ട്രീയ സ്വാധീനങ്ങളാണ് ഇതെല്ലാം മറികടക്കുന്നതിനുള്ള പ്രധാന വഴി.

പണക്കൊഴുപ്പുകൊണ്ട് മാത്രമുണ്ടാകുന്നതല്ല ഈ രാഷ്ട്രീയ പിന്തുണ. ക്വാറികൾക്ക് പിന്നിലുള്ള അദൃശ്യ നിക്ഷേപങ്ങളിലേക്കാണ് അത് വിരൽ ചൂണ്ടുന്നത്. കേരളത്തിലെ പല പ്രമുഖ രാഷ്ട്രീയ നേതാക്കന്മാരും ബിനാമി പേരിൽ ക്വാറി നടത്തുന്നതായി ആക്ഷേപം വ്യാപകമാണ്. അത്തരം അദൃശ്യബന്ധങ്ങൾ വെളിപ്പെടുത്തും വിധമുള്ള തെളിവുകൾ പലയിടങ്ങളിൽ നിന്നും പൊങ്ങിവരുന്നുമുണ്ട്. രഹസ്യനിക്ഷേപകരെ തുറന്നുകാണിച്ച്, ക്വാറികൾക്ക് മേലുള്ള രാഷ്ട്രീയ പാർട്ടികളുടെ താത്പര്യങ്ങളെന്താണെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുകയാണ് ക്വാറി വിരുദ്ധ സമരങ്ങൾക്ക് മുന്നിലുള്ള മറ്റൊരു വെല്ലുവിളി. രാഷ്ട്രീയ പാർട്ടികൾ മാത്രമല്ല, മത-സാമൂഹിക സംഘടനകൾക്ക് മേലും ക്വാറി മുതലാളിമാർക്ക് സാന്നിധ്യമുണ്ട്. തലശ്ശേരി ബിഷപ്പ് മാർ ജോർജ്ജ് വലിയമറ്റത്തിലിന്റെ 75-ാം പിറന്നാളിന് ക്വാറി-ക്രഷർ കമ്പനികളുടെ ആഭിമുഖ്യത്തിൽ മനോരമ പത്രത്തിൽ ഒരു പേജ് ആശംസാപരസ്യം വന്ന സംഭവം അതിന്റെ വ്യക്തമായ സൂചനയാണ്.

അതേസമയം കേരളത്തിലെ നിർമ്മാണ മേഖലയുടെ ആധിക്യം കിഴക്കൻ മലകൾക്ക് മേലുള്ള സമ്മർദ്ദം അനുദിനം കൂട്ടിക്കൊണ്ടേയിരിക്കുകയാണ്. ഭവനനിർമ്മാണത്തിലെ ധൂർത്തും ഷോപ്പിംഗ് മാൾ സംസ്കാരവും ഹൈടെക് വികസനനയങ്ങളുമെല്ലാം സ്ഥിതിഗതികൾ സങ്കീർണ്ണമാക്കുന്നു. അശാസ്ത്രീയമായ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്നു എന്ന് പരാതിപ്പെട്ടുകൊണ്ട് കേരളത്തിലെ ക്രഷറുകൾ ഫെബ്രുവരി അന്ത്യവാരത്തിൽ പണിമുടക്ക് നടത്തിയിരുന്നു. റോഡ് ടാറിഗും, കൊച്ചി മെട്രോയുടെ നിർമ്മാണവും മുതൽ തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ വരെ അതിനെ തുടർന്ന് മുടങ്ങുകയുണ്ടായി. പാറകളുടെ മേലുള്ള ഗുരുതരമായ ആശ്രിതത്വത്തെ ക്രിയാത്മകമായി മറികടക്കാതെ ക്വാറികളെ നിയന്ത്രിക്കാൻ കഴിയില്ലെന്ന യാഥാർത്ഥ്യം കൂടുതൽ വ്യക്തമായിരിക്കുന്നു. സമൂഹം ഒന്നാകെ പരിഗണിക്കേണ്ട ഒരു വിഷയമായി അത് നിലനിൽക്കുമ്പോഴും, പൊതുഖജനാവിലേക്കും സ്വകാര്യ മടിശീലകളിലേക്കും പണമൊഴുകുമെന്ന കാരണത്താൽ മലകൾ വിറ്റുമുടിക്കാൻ അനുവദിക്കില്ലെന്ന തദ്ദേശീയരുടെ പാരിസ്ഥിതിക ബോധ്യത്തിനും ചില സാധ്യതകളുണ്ടെന്നാണ് മുതലമടയിടെ സമരവും വ്യക്തമാക്കുന്നത്. ■


## കേരളീയം വരിസംഖ്യ
### അയയ്ക്കുമല്ലോ...

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ,
സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ.

കൂട്ടായ്മ അംഗത്വം : 10,000 രൂപ.

ആജീവനാന്ത വരിസംഖ്യ

വിദേശത്തേക്ക് : 8000 രൂപ.

ഇന്ത്യയിൽ : 6000 രൂപ.

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന,പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

ബന്ധങ്ങൾക്ക് :
**കേരളീയം, കൊക്കാലെ, തൃശൂർ-21**
ഫോൺ : 0487 2421385, 9446576943

കോപ്പികൾ കിട്ടുന്നില്ലെങ്കിൽ:
8129931739